പാലിക്കണമെന്ന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് കേരള സഹകരണ സംഘം നിയമപ്രകാരം നിയമനത്തിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നേരിട്ടുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ള സഹകരണ സംഘങ്ങളിൽ മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്കും പബ്ലിക് സർവ്വീസിൽ നിലവിലുള്ള സംവരണ വ്യവസ്ഥ പ്രകാരം തന്നെ നിയമനത്തിൽ സംവരണം ലഭിക്കുന്നതാണ്. അതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ട ആവശ്യം ഉദിക്കുന്നില്ല.

പുതിയ സഹകരണ സൊസൈറ്റികൾ

141 (309) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ജൂൺ മുതൽ സഹകരണ മേഖലയിൽ എത്ര പുതിയ സഹകരണ സൊസൈറ്റികൾ രൂപീകരിക്കുകയുണ്ടായി; ഏതെല്ലാം മേഖലയിലാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സൊസൈറ്റികളിൽ ഉല്പാദന മേഖലയിൽ എത്ര എണ്ണം ഉണ്ട്; വിശദാംശം ജില്ല തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സൊസൈറ്റികളിൽ സ്റ്റാഫിനെ നിയമിച്ചത് ഏത് ഏജൻസി വഴിയാണ്;

(ഡി) അതിന് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1996 ജൂൺ മുതൽ സഹകരണ വകുപ്പിന്റെ കീഴിൽ 794 സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) ഉല്പാദന മേഖലയിൽ 67 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)&(ഡി) ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ നേരിട്ടാണ് നിയമനം നടത്തുന്നത്. സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ മാനദണ്ഡ പ്രകാരം ഒഴിവുകൾ സംബന്ധിച്ച വിവരം പത്രപ്പരസ്യം ചെയ്ത് പുറമെയുള്ള ഏജൻസിയെ കൊണ്ട് എഴുത്തു പരീക്ഷ നടത്തി ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമിക്കേണ്ടത്.

†അനുബന്ധം XXII,XXII എ

LIBRARY ARCHIVES Kerala Legislative Assembly

15. വാഴാർമംഗലം
16. ചെറിയനാട് - വെസ്റ്റ്
17. കടവര
18. കാടൂരിക്കാട്
19. വെഞ്ഞാട്ടുവിള
20. ഇന്റർലിംഗിങ്ങ് - കൊല്ലക്കടവ്- വരസൂരം
21. ഇന്റർലിംഗിങ്ങ് - കൊല്ലക്കടവ് മസ്ജിത്
22. മുളമുക്ക്
23. പഴരൂർപ്പടി
24. വളളക്കാരി -വെസ്റ്റ്-മാന്നാർ
25. ഇടശ്ശേരി
26. നടുന്നൂർ
27. വളളംത്തിട്ട
28. പുരമൂട്-ഈസ്റ്റ്
29. കുട്ടംപേരൂർ - ഈസ്റ്റ്
30. മാന്നാർ പഞ്ചായത്ത്
31. ബുധനൂർ

അനുബന്ധം XXI

[22 -2-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 140 (308)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

1996 മുതൽ 1999 വരെ സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നടത്തിയ നിയമനങ്ങളുടെ തസ്തിക തിരിച്ചുള്ള കണക്ക്

ജില്ല	ക്ലാർക്ക്/ കാഷ്യർ	പ്യൂൺ	സ്വീപ്പർ	ഡ്രൈവർ	ടൈപ്പിസ്റ്റ്
(1)	(2)	(3)	(4)	(5)	(6)
സംസ്ഥാന സഹകരണ ബാങ്ക്	3	-	-	-	-
ജില്ലാ സഹകരണ ബാങ്ക്					
തിരുവനന്തപുരം	2	-	-	-	1
കൊല്ലം	5	6	-	-	-
പത്തനംതിട്ട	-	3	-	-	-
ആലപ്പുഴ	53	2	-	-	-
കോട്ടയം	5	-	-	-	-
ഇടുക്കി	-	2	1	-	-

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
എറണാകുളം	–	–	–	–	–
തൃശ്ശൂർ	–	–	–	–	–
പാലക്കാട്	16	1	–	–	–
മലപ്പുറം	–	2	–	–	–
കോഴിക്കോട്	–	27	–	–	–
വയനാട്	–	–	–	–	–
കണ്ണൂർ	–	–	–	–	–
കാസർഗോഡ്	1	–	2	1	–
ആകെ	85	43	3	1	1

അനുബന്ധം XXII

[22 -2-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 141 (309)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

ജില്ല	ആകെഎണ്ണം	വായ്പാമേഖല	വായ്പേതരമേഖല
തിരുവനന്തപുരം	129	28	101
കൊല്ലം	37	4	33
പത്തനംതിട്ട	26	7	19
ആലപ്പുഴ	37	4	33
കോട്ടയം	40	9	31
ഇടുക്കി	21	2	19
എറണാകുളം	52	18	34
തൃശ്ശൂർ	81	16	65
പാലക്കാട്	38	5	33
മലപ്പുറം	66	15	51
കോഴിക്കോട്	51	18	33
വയനാട്	34	7	27
കണ്ണൂർ	100	5	95
കാസർഗോഡ്	68	8	60
സഹകരണ സംഘം രജിസ്ട്രാർ നേരിട്ട് രജിസ്റ്റർ ചെയ്തത്	14	6	8
ആകെ	794	152	642

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- XXII 'എ'

[22 -2-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 141 (309)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

ജില്ല		എണ്ണം
തിരുവനന്തപുരം	:	21
കൊല്ലം	:	8
പത്തനംതിട്ട	:	7
ആലപ്പുഴ	:	4
കോട്ടയം	:	7
ഇടുക്കി	:	1
എറണാകുളം	:	3
തൃശ്ശൂർ	:	7
പാലക്കാട്	:	-
മലപ്പുറം	:	6
കോഴിക്കോട്	:	3
വയനാട്	:	1
കണ്ണൂർ	:	3
കാസർഗോഡ്	:	-
ആകെ		67

LIBRARY ARCHIVES Kerala Legislative Assembly